**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് നിലവിൽ വന്നതിനെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ എൻടി കേഡർ / സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ റെഗുലറൈസേഷൻ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.44/2026/H&FWD തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട്.
2. സ.ഉ.(കൈ).നം.132/2020/ആ.കു.വ തീയതി, 09/10/2020
3. സ.ഉ.(കൈ).നം.62/2022/ആ.കു.വ തീയതി, 18/03/2022
4. 24/08/2022-ലെ 104/എസ് 1/2022/ആ.കു.വ നമ്പർ കത്ത്
5. സ.ഉ.(സാധാ).നം.3187/2024/ആ.കു.വ തീയതി, 30/12/2024
6. സ.ഉ.(കൈ).നം.156/2025/ആ.കു.വ തീയതി, 28/05/2025
7. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01/08/2024-ലെ എൻ.സി.4/6801/2023/മെ.വി.വ(1), എൻ.സി.4/6801/2023/മെ.വി.വ(4), 17/08/2024, 02/12/2025 തീയതികളിലെ എൻസി4/6801/2023/മെ.വി.വ, 04/12/2025-ലെ എൻ.സി.4/1408/2020/മെ.വി.വ നമ്പർ കത്തുകൾ.
8. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 20/03/2025-ലെ എ2-3/9/2024-കെ.പി.എസ്.സി-പാർട്ട് (2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം

മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും പരാമർശം (1) ആക്ട് പ്രകാരം 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് എന്ന പേരിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടു വന്നിരുന്നു. ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജിൽ നിന്നും മുൻ നഴ്സിംഗ് വിഭാഗം ജീവനക്കാരെ ആഗിരണം ചെയ്യുന്നതിന് വേണ്ടി നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II (35,700-75,600) ൽ 2, ഹെഡ് നഴ്സ് (32,300-68,700) ൽ 11, സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 (29200-62400) ൽ 232, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II (27800-59400) ൽ 276 എന്നിങ്ങനെ ആകെ 521 തസ്തികകൾ സൃഷ്ടിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിലേക്ക് നഴ്സുമാരെ 02/03/2019 തീയതി പ്രാബല്യത്തിൽ അക്കോമൊഡേറ്റ് ചെയ്ത് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

2.ഏറ്റെടുത്ത ജീവനക്കാർക്ക് ഓപ്ഷൻ (സ്റ്റാന്റ് എലോൺ അല്ലെങ്കിൽ എൻടി കേഡർ) സമർപ്പിക്കുന്നതിന് അവസരം നൽകിയ 07/10/2021 യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) കത്തിലെ നിർദ്ദേശാനുസരണം പ്രസ്തുത ജീവനക്കാർക്ക് സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുകയും അതിനെത്തുടർന്ന് ജീവനക്കാർ സമർപ്പിച്ച ഓപ്ഷന്റെ അടിസ്ഥാനത്തിൽ 508 നഴ്സിംഗ് ജീവനക്കാർക്ക് താൽക്കാലിക നിയമന ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകുകയും ചെയ്തിരുന്നു. ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകിയപ്പോൾ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്നതും അക്കോമൊഡേറ്റ് ചെയ്യപ്പെട്ടിരുന്നവരുമായ 2 പേർ ഓപ്ഷൻ - 'ബി' ആയ സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമനം നേടുകയുണ്ടായി. ഹെഡ് നഴ്സ് തസ്തികയിൽ ജോലി ചെയ്തിരുന്നതും അക്കോമൊഡേറ്റ് ചെയ്യപ്പെട്ടിരുന്നവരുമായ 11 പേരും ഇപ്രകാരം ഓപ്ഷൻ 'ബി' ആയ സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമനം നേടുകയുണ്ടായി. 460 ജീവനക്കാർ ഓപ്ഷൻ 'എ' ആയ എൻടി കേഡറിൽ ജൂനിയർ ടു ജൂനിയർ മോസ്റ്റ് എന്ന ഓപ്ഷൻ സമർപ്പിക്കുകയും പ്രസ്തുത ജീവനക്കാർക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ആകെ 35 ജീവനക്കാർ മാത്രം സ്റ്റാഫ് നഴ്സ് ഗ്രേഡ് I തസ്തികയിൽ ഓപ്ഷൻ സമർപ്പിച്ച് സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി .

3.തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാൻഡ് എലോൺ / എൻടി കേഡർ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നൽകിയതുമായ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ റഗുലറൈസേഷൻ ചുവടെ ചേർക്കുന്ന നിബന്ധനകളോടുകൂടി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കി അംഗീകരിക്കാവുന്നതാണെന്ന താൽക്കാലിക തീരുമാനം സർക്കാർ കൈക്കൊള്ളുകയുണ്ടായി.

<u>എൻടി കേഡർ</u>

- ഓപ്ഷൻ (എ) സമർപ്പിച്ച് എൻടി കേഡറിൽ പ്രവേശിച്ച നഴ്സിംഗ് ഓഫീസർമാരെ മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത 02.03.2019 തീയതി പ്രാബല്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ

ജീവനക്കാരായി സർക്കാർ സർവീസിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതാണ്.

- ടി ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നഴ്സിംഗ് ഓഫീസർമാരുടെ ജനറൽ സ്കീമിൽ പ്രവേശിക്കാൻ അനുവദിക്കുന്നതും, അവരെ ഏറ്റെടുക്കൽ തീയതി (02.03.2019) മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ നഴ്സിംഗ് ഓഫീസർമാരായി കണക്കാക്കുകയും ചെയ്യുന്നതാണ്.
- ടി ജീവനക്കാരുടെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ സർവീസ് യാതൊരു സർവീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.
- ടി ജീവനക്കാരുടെ പരിയാരം മെഡിക്കൽ കോളേജിലെ മുൻകാല സർവീസ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയോറിറ്റിയ്ക്ക് പരിഗണക്കുന്നതല്ല.
- ടി നഴ്സിംഗ് ഓഫീസർമാർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ആഗിരണം ചെയ്യപ്പെടുന്ന 02.03.2019 തീയതി പ്രാബല്യത്തിൽ മാത്രമേ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാനും, സ.ഉ.(അ)103/2011/ആ.കു.വ തീയതി 19/05/2011 ഉത്തരവിന്റെ അടിസ്ഥാനത്തിലും, INC/KNMC/ഇതിലേയ്ക്കായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും അടിസ്ഥാനത്തിലും സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കും.
- നിയമന ക്രമീകരണത്തിന് ശേഷം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നഴ്സിംഗ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ടി ജീവനക്കാരുടെ 'സീനിയോറിറ്റി ലിസ്റ്റ്' , എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ കൃത്യമായി തയ്യാറാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- 02.03.2019 മുതൽ ടി നഴ്സിംഗ് ഓഫീസർമാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മറ്റു നഴ്സിംഗ് ഓഫീസർമാരെപ്പോലെ കണക്കാക്കുന്നതാണ്.
- ടി ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. ഇയാളുകളുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്.
- നിയമന ക്രമീകരണത്തിനുശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.
- നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ സ.ഉ.(അ)നം.17/2018/ഉ.ഭ.പ.വ തീയതി. 27/12/2018 -ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്
- ടി ജീവനക്കാർക്ക് 02/03/2019 തീയതി മുതൽ കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളും കേരള സിവിൽ സർവീസ് ചട്ടങ്ങളും ബാധകമാകുന്നതാണ്.

**<u>സ്റ്റാൻഡ് എലോൺ</u>**

- മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികകളിൽ സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ സർക്കാർ സർവീസിലെ സേവനം ക്രമീകരിക്കുന്നത് (ഏറ്റെടുക്കൽ തീയതിയിൽ അവധിയിൽ അല്ലാത്തവർ ) 02/03/2019 തീയതി പ്രാബല്യത്തിലാണ്.
- ടി ജീവനക്കാരുടെ മുൻ പരിയാരം മെഡിക്കൽകോളേജിലെ സർവീസ് യാതൊരു വിധ സർവീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

- സ്റ്റാൻഡ് എലോൺ ഓപ്ഷൻ സ്വീകരിച്ചിട്ടുള്ളവർക്ക് റഗുലർ ലൈൻ ഓഫ് പ്രൊമോഷൻ ലഭിക്കാനോ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൊതു സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടാനോ, പൊതുസ്ഥലമാറ്റത്തിനോ അർഹത ഉണ്ടായിരിക്കുന്നതല്ല. കണ്ണൂർ മെഡിക്കൽ കോളേജിൽ തന്നെ സ്റ്റാൻഡ് എലോൺ ആയി തുടരാവുന്നതും വാർഷിക വേതന വർധനവ്, സമയബന്ധിത ഹയർ ഗ്രേഡ്, യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്റ്റാൻഡ് എലോൺ തസ്തികകളിൽ മാത്രമുള്ള സ്ഥാനക്കയറ്റം (സർക്കാർ തീരുമാനത്തിന് വിധേയമായി) എന്നിവ നിയമാനുസരണം നേടിയ ശേഷം കണ്ണൂർ മെഡിക്കൽകോളേജിൽ നിന്ന് തന്നെ വിരമിച്ചുപോകുന്നതാണ്.
- ടി ജീവനക്കാരെ  മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതല്ല. ടി ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജുകളിലേക്കോ, അന്തർജില്ല/അന്തർ വകപ്പ് സ്ഥലമാറ്റത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ സന്നിഗ്ധഘട്ടത്തിൽ സർക്കാരിനോ / മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കോ ടിയാളുകളെ മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.
- 02/03/2019 തീയതിയിൽ ടി ജീവനക്കാരുടെ ലീവ് അക്കൗണ്ടിൽ ഉള്ള അവധിയുടെ നീക്കിയിരിപ്പ് പൂജ്യമായിരിക്കുന്നതാണ്
- ടി ജീവനക്കാരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച നിബന്ധനകൾ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്നതാണ്. നിലവിലെ ഉത്തരവനുസരിച്ച് സ്ഥാനക്കയറ്റത്തിന് അർഹതയില്ല.
- നിയമനക്രമീകരണത്തിന് ശേഷം ജീവനക്കാരുടെ ഏറ്റെടുക്കൽ തീയതി പ്രാബല്യത്തിലുള്ള സീനിയോരിറ്റി പട്ടിക കണ്ണൂർ സർക്കാർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ തയ്യാറാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ടി ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതിയാണ് ബാധകമായിട്ടുള്ളത്. വിരമിക്കൽ പ്രായം 60 വയസ്സാണ്.
- നിയമന ക്രമീകരണത്തിന് ശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് കണ്ണൂർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.
- നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ സ.ഉ.(പി). 17/2018/ഉ.ഭ.പ.വ തീയതി 27/12/2018-ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുണ്ട്.
- ടി ജീവനക്കാരുടെ സർക്കാർ സർവീസിലെ സേവനം 02/03/2019 തീയതിയിൽ മാത്രമേ ആരംഭിക്കുന്നുള്ളൂ. അന്ന് മുതൽ ടി ജീവനക്കാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ ജീവനക്കാരായി സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ സേവനം ആരംഭിക്കുന്നതാണ്.
- ടി ജീവനക്കാർക്ക് 02/03/2019 തീയതി മുതൽ കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളും കേരള സിവിൽ സർവീസ് ചട്ടങ്ങളും ബാധകമാകുന്നതാണ്.

3. മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും ഓപ്ഷൻ (ബി) സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സ്-I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട്-II വിഭാഗത്തിലെ 48 ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ നഴ്സിംഗ് ജീവനക്കാരിൽ ഓപ്ഷൻ (എ) സ്വീകരിച്ച് എൻടി കേഡർ തെരഞ്ഞെടുത്ത ആദ്യ ഘട്ടമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ 272 സ്റ്റാഫ് നഴ്സ് ഗ്രേഡ് II ഓഫീസർമാരുടെ നിയമനം ക്രമീകരിച്ച് പരാമർശം (6) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് രണ്ടാം ഘട്ടമായി സർക്കാരിൽ

ലഭ്യമാക്കിയിരുന്ന സ്റ്റാൻഡ് എലോൺ / എൻടി കേഡർ സ്വീകരിച്ച 106 സ്റ്റാഫ് നഴ്സ് ഗ്രേഡ് II ഓഫീസർമാരെ മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിലും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി. എന്നാൽ ടി 106 സ്റ്റാഫ് നഴ്സ് ഗ്രേഡ് II ഓഫീസർമാരിൽ ഉൾപ്പെട്ടിരുന്ന സിത്താര സി.എം., റെജി കുരിയാക്കോസ്, ബേബി സിറിയക്, കിരൺ മാത്യൂ, ജെസ്സി മാത്യൂ എന്നിവരെ സർവീസിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതിനാൽ ആയവരുടെ നിയമനക്രമീകരണത്തിനുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക്ക് സർവീസ് കമ്മീഷന്റെ പരാമർശം (8) ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (7) കത്തുകൾ പ്രകാരം സർക്കാരിൽ ലഭ്യമാക്കിയതുമായ അനുബന്ധമായി ചേർത്തിട്ടുള്ള ഓപ്ഷൻ (എ) സ്വീകരിച്ച് എൻടി കേഡർ തെരഞ്ഞെടുത്ത 45 നഴ്സിംഗ് ഓഫീസർമാരുടെയും (Table-1), ഓപ്ഷൻ (ബി) സ്വീകരിച്ച് സ്റ്റാൻഡ് എലോൺ തെരഞ്ഞെടുത്ത 56 നഴ്സിംഗ് ഓഫീസർമാരുടെയും (Table-2) നിയമനം മേൽ നിബന്ധനകൾക്ക് വിധേയമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ജീവനക്കാർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ. സെക്രട്ടറിയറ്റ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (എസ് 1/148/2021/H&FWD)

ഉത്തരവിൻ പ്രകാരം
Signed by Manish V V
Date: 07-02-2026 06:59:30

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

# Table-I (Entry Cadre)

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ജാൻസി സെബാസ്റ്റ്യൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 2 | മായ ആർ. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 3 | സെലീന മാനുവൽ മൂത്തശ്ശേരിൽ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 4 | ലീന തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 5 | ലിനി ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 6 | സിനി ആന്റണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 7 | ബിൽജി പി ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 8 | റീജ ജോൺ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 9 | ലിൻസി കെ മാത്യു | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 10 | സ്വപ്ന ചാക്കോ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 11 | ഷിജിമോൾ ചെറിയാൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 12 | ശാന്തി ടി മാത്യു | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 13 | ഹണിമോൾ ജേക്കബ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 14 | റോണിയ ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 15 | ഷീബ സെബാസ്റ്റ്യൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 16 | കവിത എസ്.എസ്. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 17 | ലിജ്ജ സ്കാറ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 18 | റോബിൻ ആന്റണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 19 | സിനി പി വി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 20 | സീന മാനുവൽ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 21 | ജിഷ പി സി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 22 | സെബാൻ പി സ്കറിയ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 23 | ജോയിറ്റ് വി ഡി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 24 | ലിജോ കര്യാക്കോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 25 | റിൻസി സെബാസ്റ്റ്യൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 26 | ബിജി ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 27 | ജിബി ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 28 | ലിൻസി ദേവസ്സ്യ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 29 | ലിജ്ജ പി ജോൺ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 30 | പ്രിൻസി ചാക്കോ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 31 | ബിജ്ജ പി ജെ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 32 | സിസ്ലു വി എച്ച് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |

| | | |
|---|---|---|
| 33 | റിജു ജോൺ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 34 | ബിനു ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 35 | ഷീജ ദേവസ്സ്യ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 36 | നിമിഷ എം എം | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 37 | തോമസ് സി ടി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 38 | ജുബി ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 39 | പ്രിയ ജോയ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 40 | റോയ് വി ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 41 | സുനിൽ ജോൺ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 42 | സിജി ആന്റണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 43 | ഏലിക്കുട്ടി കെ ടി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 44 | അന്നക്കുട്ടി സേവ്യർ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 45 | പ്രിയാമോൾ ആന്റണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |

Table-II (Stand Alone)

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ജിൻസി സിറിയക് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 2 | ജയൻ പി ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 3 | ജിന്റോമോൻ പി പി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 4 | മിനിമോൾ പി പി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 5 | ജിഷ കെ മാത്യു | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 6 | ജെഷ്മ സി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 7 | മിനി മുതുപറമ്പിൽ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 8 | ജോഫിന ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |

| | | |
|---|---|---|
| 9 | ബിന്ദു ജോസ് ഒ ജെ. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 10 | റ്റീനാമോൾ ടി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 11 | ഗ്രേയ്സൺ കെ ജെ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 12 | റെൻസി സിറിയക് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 13 | ജിനോ.ഇ.ആർ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 14 | ശ്യാമ എം വി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 15 | ദീപ്തി സണ്ണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 16 | പുഷ്പ ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 17 | ജിഷ എബ്രഹാം | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 18 | ഷിജ്ഞ തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 19 | ജസ്റ്റിൻ ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 20 | മനീഷ് തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 21 | ശ്രീകല കെ ആർ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 22 | സ്മിത തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 23 | നീതു ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 24 | ജിബി ഫിലിപ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 25 | നീതു ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 26 | അമ്പിളി ജോസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 27 | [illegible] | [illegible] |

| | | |
|---|---|---|
| 27 | വിജി തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 28 | സൈബി ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 29 | ജീനമോൾ വി പി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 30 | അനുസ്മിത എം | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 31 | മോജിഷ് പി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 32 | ഷാനി പി ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 33 | രമ്യ ബേബി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 34 | മഞ്ജുഷ ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 35 | ബോണി വി ജെ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 36 | സോണിയ സണ്ണി | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 37 | ജാൻസി ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 38 | ജിജി വർഗീസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 39 | സ്മിത ഐസക് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 40 | ഹെലൻ മാത്യു | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 41 | ജോയ്സി വി ജെ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 42 | ജിതേഷ് അഗസ്റ്റിൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 43 | നിതിൻ ജോർജ്ജ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 44 | ദിവ്യ ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |

| | | |
|---|---|---|
| 45 | ഹണി പി ജെയിംസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 46 | ധന്യ സെബാസ്റ്റ്യൻ | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 47 | ജോബി ജോയ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 48 | സീന വി.എസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 49 | സന്ധ്യാമോൾ വി എസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 50 | അഖില എം | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 51 | സോണിയ ജോസഫ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 52 | ഇന്ദിര തോമസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 53 | സോണിയ മാത്യു | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 54 | സുലേഖ എ എസ് | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 55 | നീതു വി.എസ്. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |
| 56 | രമ്യ ബേബി. | നഴ്സിംഗ് ഓഫീസർ ഗ്രേഡ് II |